
മുദ്രകൾ

# പ്രഫ. കെ.എ സിദ്ദീഖ് ഹസന് ഇസ്‌ലാം ഓൺലൈൻ പുരസ്‌കാരം



**2009-ലെ** സാമൂഹിക പ്രവർത്തകർക്കുള്ള ഇസ്‌ലാം ഓൺലൈൻ അവാർഡുകൾ പ്രഖ്യാപിച്ചു. പ്രഫ. കെ.എ സിദ്ദീഖ് ഹസൻ, ടീസ്റ്റ സെറ്റിൽവാദ്, അബ്ദുൽ ഹകീം ഫൈസി, അബ്‌റാറുൽ ഹസൻ എന്നിവരാണ് ഇന്ത്യയിൽനിന്നുള്ള പുരസ്‌കാര ജേതാക്കൾ.

കഴിഞ്ഞ രണ്ട് വർഷമായി ഇസ്‌ലാം ഓൺലൈൻ 'ഒരു വർഷത്തെ താരങ്ങൾ' എന്ന പേരിൽ അവാർഡുകൾ നൽകിവരുന്നുണ്ട്. വിവിധ മേഖലകളിൽ മികവ് തെളിയിച്ച 11 പേർക്കാണ് ഇത്തവണ പുരസ്‌കാരം ലഭിച്ചത്. 120 രാജ്യങ്ങളിൽനിന്നുള്ള നാലായിരത്തിലധികം ഓൺലൈൻ വായനക്കാരാണ് നാമനിർദേശം ചെയ്യപ്പെട്ട 56 പേരിൽനിന്ന് ഇവരെ തെരഞ്ഞെടുത്തത്.

ഇന്ത്യയിൽ നടത്തുന്ന സേവന പ്രവർത്തനങ്ങളുടെ പേരിലാണ് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ ഉപാധ്യക്ഷൻ കൂടിയായ പ്രഫ. കെ.എ സിദ്ദീഖ് ഹസന് അവാർഡ്. പീഡിത-പിന്നാക്ക വിഭാഗങ്ങളുടെ സമഗ്രമായ ഉന്നമനം ലക്ഷ്യം വെച്ച് രൂപകൽപന ചെയ്യപ്പെട്ട 'വിഷൻ 2016' എന്ന ബൃഹത് പ്രോജക്ടിന്റെ മുഖ്യ ചുമതലക്കാരനാണ് അദ്ദേഹം. ജാതി മത വ്യത്യാസങ്ങൾക്ക് അതീതമായി മനുഷ്യാവകാശ കൂട്ടായ്മകൾ രൂപവത്കരിക്കാനും അദ്ദേഹം മുൻകൈയെടുത്തു. *മാധ്യമം* ദിനപത്രത്തിന്റെ വളർച്ചയിൽ അദ്ദേഹം നൽകിയ സേവനങ്ങളും പ്രത്യേകം പരിഗണിക്കപ്പെട്ടു.

സിദ്ദീഖ് ഹസനെ 90.1 ശതമാനം വോട്ടർമാർ പിന്തുണച്ചു. അതേ വിഭാഗത്തിൽ നോമിനേറ്റ് ചെയ്യപ്പെട്ട ഇവോൺ റിഡ്‌ലി, താരീഖ് റമദാൻ, സാറ ജോസഫ് (ബ്രിട്ടൻ), ബാബർ അലി, അബ്ദുസ്സത്താർ ഈദി എന്നിവർക്ക് കുറഞ്ഞ ശതമാനം വോട്ടേ ലഭിച്ചുള്ളൂ. മലപ്പുറം സ്വദേശിയായ അബ്ദുൽ ഹകീം ഫൈസി ഇസ്‌ലാമിക വിദ്യാഭ്യാസ മേഖലയിൽ നൽകിയ സേവനത്തിനാണ് അവാർഡിനർഹനായത്. അദ്ദേഹത്തിന് 44.8 ശതമാനം വോട്ടുകൾ ലഭിച്ചു.

കായികം: കാനൂട്ട് (ഫ്രഞ്ച് ഫുട്‌ബോളർ), ശാസ്ത്രം: സലീം അൽ ഹസാനി (ബ്രിട്ടൻ), മനുഷ്യാവകാശം: ജോർജ് ഗലോവെ (ബ്രിട്ടൻ), നവ മാധ്യമ പ്രവർത്തനം: അബ്‌റാറുൽ ഹസൻ (ഇന്ത്യ), ഓർഗാനികലു (ഈജിപ്ഷ്യൻ അമേരിക്കൻ വനിത),

ന്യൂനപക്ഷ ക്ഷേമം: ടീസ്റ്റ സെറ്റിൽവാദ് (ഇന്ത്യ), കല: സാമി യൂസുഫ് (ബ്രിട്ടീഷ് സംഗീതജ്ഞൻ), സന്നദ്ധ സേവനം: ഹാൽഫ് ഡേറ്റ്.കോം (ഇസ്‌ലാമിക സേവന വെബ്സൈറ്റ്), ആശയ സംവാദം: ജേക്കബ് എർലി (ഡാനിഷ് രാഷ്ട്രീയ പ്രവർത്തകൻ), ഇസ്‌ലാമിക പ്രബോധനം: ഹാറൂൻ യഹ്‌യ (തുർക്കി) എന്നിവരാണ് മറ്റു അവാർഡ് ജേതാക്കൾ. ■

# മഅ്ദനി പീഡിത സമൂഹത്തിന്റെ പ്രതീകമെന്ന് സലഫി മാസിക



**'പി.ഡി.പി** നേതാവ് അബ്ദുന്നാസിർ മഅ്ദനി ഇന്ത്യയിലെ പീഡിത മുസ്‌ലിം സമൂഹത്തിന്റെ പ്രതിനിധിയാണെന്നും പത്തു വർഷത്തോളം ജയിലിൽ കിടന്ന ശേഷം നിരപരാധിയെന്ന് കണ്ട് കോടതി വിട്ടയച്ച അദ്ദേഹം ദുർബലരുടെയും ദരിദ്രരുടെയും ഉന്നമനത്തിന് വേണ്ടി പരിശ്രമിക്കുന്ന നേതാവാണെന്നും' സലഫി മാസിക പറയുന്നു. ബീഹാറിലെ മദീനത്തുസ്സലാമിൽനിന്ന് പ്രസിദ്ധീകരിക്കുന്ന *അൽ ഫുർഖാൻ* അറബി മാസികയുടെ 2009 നവംബർ-ഡിസംബർ ലക്കത്തിലാണ് മഅ്ദനിയെക്കുറിച്ച് നാല് പേജ് ലേഖനമുള്ളത്. 'മഅ്ദനി പീഡിത സമൂഹത്തിന്റെ പ്രതീകം' (അൽമഅ്ദനി റംസുൽ ഉമ്മത്തിൽ മുദ്ത്തഹിദ) എന്നാണ് ലേഖനത്തിന്റെ തലക്കെട്ട്. 'ഇസ്‌ലാമിക പഠനങ്ങൾക്ക് വേണ്ടിയുള്ള അബ്ദുൽ അസീസ് ഇബ്നു ബാസ് ഇൻസ്റ്റിറ്റ്യൂട്ടാ'ണ് *അൽ ഫുർഖാൻ* പ്രസിദ്ധീകരിക്കുന്നത്.


ഡോ. മുഹമ്മദ് ലുഖ്മാൻ അസ്സലഫി (ചീഫ് എഡിറ്റർ), മുഹമ്മദ് അർശാദ് അൽ മദനി (അസി. ചീഫ് എഡിറ്റർ), മുഹമ്മദ് സമീഉല്ല മദനി (എഡിറ്റർ) എന്നിവരാണ് *അൽഫുർഖാ*ന്റെ ചുമതല വഹിക്കുന്നത്.

"ഇന്ത്യയിലെ മുസ്‌ലിം സമൂഹം വർഷങ്ങളായി കടുത്ത പീഡനങ്ങൾക്ക് വിധേയരായിക്കൊണ്ടിരിക്കുകയാണ്. എന്നിട്ടും പലരും ഭൗതികമായ ലാഭമോഹങ്ങളോടെയാണ് പ്രവർത്തിക്കുന്നത്. പക്ഷേ, ഇസ്‌ലാമിന്റെ സൽപേര് നിലനിർത്താനും സ്ഥാപനങ്ങൾ സംരക്ഷിക്കാനും പ്രവർത്തിക്കുന്ന ചിലരും ഇവിടെയുണ്ട്. അവരിലൊരാളാണ് അബ്ദുന്നാസിർ മഅ്ദനി"- ലേഖനത്തിൽ (ലക്കം 11-12) പറയുന്നു. മഅ്ദനിയുടെ പ്രഭാഷണത്തിന്റെ ആകർഷണീയത എടുത്തു പറഞ്ഞുകൊണ്ടാണ് ലേഖനം അവസാനിക്കുന്നത്. താജുദ്ദീനുൽ മന്നാനിയാണ് ലേഖകൻ.

വിലാസം: **Allama Ibn Baz Islamic Studies Centre**
**Abul Kalam Azad Library, Madinatussalam - 845312**
**E. Champaran, Bihar, India. Tel. 0091-6250-240005**

# ഹെയ്ത്തി ഭൂകമ്പത്തിന്റെ ഗുണപാഠങ്ങൾ

**മനുഷ്യ** ചരിത്രത്തിലെ തന്നെ ഏറ്റവും വിനാശകരമായ പത്ത് ഭൂകമ്പങ്ങളിലൊന്നാണ് ഇക്കഴിഞ്ഞ ജനുവരി 12-ന് ഹെയ്ത്തിയിൽ സംഭവിച്ചത്. റിക്ടർ സ്കെയിലിൽ 7.0 രേഖപ്പെടുത്തിയ അതിശക്തമായ ഭൂകമ്പത്തിൽ തലസ്ഥാന നഗരിയായ പോർട്ടോ



പ്രിൻസ് അക്ഷരാർഥത്തിൽ ശവക്കൂമ്പാരമായി മാറി. രണ്ട് ലക്ഷം പേരെങ്കിലും മരിച്ചിട്ടുണ്ടെന്നാണ് നിഗമനം. ഒമ്പത് മില്യൻ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ കൊച്ചു ദ്വീപിലെ മൂന്ന് മില്യൻ പേരും ഭൂകമ്പത്തിന്റെ കെടുതികൾക്കിരകളായി ഭക്ഷണമോ അഭയകേന്ദ്രമോ മരുന്നോ ഇല്ലാതെ നരകിക്കുകയാണ്. ഒഴുകിയെത്തുന്ന അന്താരാഷ്ട്ര സഹായങ്ങൾ ദുരിതങ്ങൾക്ക് അറുതി വരുത്താൻ പര്യാപ്തമാവുന്നില്ല. ദുരന്തത്തിന്റെ വ്യാപ്തി അത്രയും വലുതാണ്.

ഐക്യരാഷ്ട്രസഭയും ലോകരാഷ്ട്രങ്ങളും സന്നദ്ധ സംഘടനകളുമെല്ലാം സഹായ ഹസ്തവുമായി രംഗത്തുണ്ട്. മതാഭിമുഖ്യം പുലർത്തുന്ന വിവിധ എൻ.ജി.ഒകൾ പരസ്പരം സഹകരിച്ച് നടത്തുന്ന സേവന ദുരിതാശ്വാസ പ്രവർത്തനങ്ങൾ പ്രത്യേകം ശ്രദ്ധിക്കപ്പെടുകയുണ്ടായി. അടുത്ത കാലത്തുണ്ടായ ദുരന്തങ്ങളിലെല്ലാം ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ വിവിധ മതക്കാരായ സന്നദ്ധ പ്രവർത്തകരുടെ വൻ സാന്നിധ്യം മതത്തിന്റെ മാനുഷിക മുഖം ഉയർത്തിക്കാട്ടുന്നതിന് സഹായകമായിട്ടുണ്ട്. ചർച്ച് വേൾഡ് സർവീസ്, ജസ്യൂട്ട് റഫ്യൂജി സർവീസ്, മുസ്‌ലിം എയ്ഡ്, ഇസ്‌ലാമിക് റിലീഫ് യു.എസ്.എ തുടങ്ങിയ സന്നദ്ധ സംഘടനകൾ പരസ്പരം സഹകരിച്ചുകൊണ്ടാണ് ഹെയ്ത്തിയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നത്.

ഹെയ്ത്തിയിൽ ഇതിന് മുമ്പും വിനാശകരമായ രണ്ട് ഭൂകമ്പങ്ങൾ ഉണ്ടായിട്ടുണ്ട്. 2007-ലെ കൊടുങ്കാറ്റിലും വലിയ നാശനഷ്ടങ്ങളുണ്ടായി. പടിഞ്ഞാറൻ ഗോളാർധത്തിലെ ഏറ്റവും ദരിദ്ര രാഷ്ട്രം കൂടിയാണിത്. മാനവ വികസന പട്ടികയിലുള്ള 182 രാജ്യങ്ങളിൽ 149-ാമത്തേത്. 80 ശതമാനം ജനങ്ങളും ദാരിദ്ര്യത്തിൽ കഴിയുന്നു. പിടിച്ചുപറിയും കൊള്ളയും വ്യാപകമാവാൻ ഇതാണ് കാരണം.

നാശം വിതക്കുന്ന ഇത്തരം പ്രതിഭാസങ്ങൾ മനുഷ്യനെ ഒരു വീണ്ടുവിചാരത്തിന് പ്രേരിപ്പിക്കേണ്ടതുണ്ടെന്ന് പ്രശസ്ത അസ്ഹരി പണ്ഡിതനായ ശൈഖ് അബ്ദുൽ ഖാലിഖ് അൽ ശരീഫ് പറയുന്നു: "സർവാധികാരങ്ങളും പ്രപഞ്ചനാഥനായ ദൈവത്തിനാണെന്ന് വെളിപ്പെടുത്തുന്ന ദൃഷ്ടാന്തങ്ങളിലൊന്നാണ് ഇത്തരം ഭൂകമ്പങ്ങൾ. ദൈവം ഇഛിക്കുമ്പോൾ അവൻ ഇഛിക്കുന്നേടത്ത് ഇത്തരം പ്രതിഭാസങ്ങൾ ഉണ്ടാകുന്നു. ആർക്കും അവന്റെ തീരുമാനത്തെ ചോദ്യം ചെയ്യാനോ തടുക്കാനോ ആവില്ല. തടുത്തുനിർത്താനാവാത്ത ഇത്തരം സംഭവങ്ങൾ പ്രപഞ്ചത്തെ ഭരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഒരു മഹാ ശക്തിയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ആ ശക്തിക്ക് വഴിപ്പെടുക എന്നതാണ് മനുഷ്യന്റെ ഏക രക്ഷാമാർഗം. ജീവിതാസക്തികളുടെ പിറകെ പാഞ്ഞ് ദൈവസ്മരണയിൽനിന്ന് അകന്നുപോകുന്ന മനുഷ്യനെ അന്ത്യദിനത്തിന്റെ ഭീകരത ഓർമിപ്പിക്കുക കൂടി ചെയ്യുന്നുണ്ട് ഹെയ്ത്തിയിലേത് പോലുള്ള ഭൂകമ്പങ്ങൾ." ■